# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6185 20/11 /2019- ൽ മറുപടിയ്ക്ക്

### വനവൽക്കരണം വ്യാപകമാക്കുന്നതിന് സൗജന്യ വൃക്ഷത്തൈകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അനൂപ് ജേക്കബ് | അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | വനവൽക്കരണം വ്യാപകമാക്കുന്നതിനായി വൃക്ഷത്തൈകൾ സൗജന്യമായി നൽകുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | എ | ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സാമൂഹ്യവനവൽക്കരണവിഭാഗം എല്ലാ വർഷവും പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5 - ന് സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്ക് സൗജന്യമായും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ സ്ഥാപനങ്ങൾ, യുവജനസംഘടനകൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവയ്ക്ക് തൻ വർഷത്തെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൗജന്യമായോ, സഹായ നിരക്കിലോ തൈകൾ വിതരണം ചെയ്ത് വരുന്നുണ്ട്. ഫലമൂല്യം, ഔഷധമൂല്യം, തടിഉപയോഗം, അലങ്കാരമൂല്യം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൈകളാണ് ഹരിതകേരളം പദ്ധതിപ്രകാരം വിതരണം ചെയ്തു വരുന്നത്. 2019-20 വർഷത്തിൽ ഹരിതകേരളം പദ്ധതിപ്രകാരം 63.18 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |
| ബി | വനവൽക്കരണം വ്യാപകമാക്കേണ്ട തിന്റെ ആവശ്യകത സംബന്ധിച്ച് സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ബോധവൽക്കരണ പരിപാടികളുടെ വിവരങ്ങൾ അറിയിക്കുമോ? | ബി | സാമൂഹ്യവനവൽക്കരണത്തിന്റെ ഭാഗമായി വനത്തിനുപുറത്തുള്ള വനവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിലേക്കായി സ്കൂൾ കുട്ടികൾക്കായി എന്റെ മരം , കോളേജ് കുട്ടികൾക്കായി നമ്മുടെ മരം, വഴിയോരത്തണൽ പദ്ധതി, അർബൻ ഫോറസ്ട്രി, പുഴയോരസംരക്ഷണം, Institutional Plantation തുടങ്ങിയവ നടപ്പിലാക്കി വരുന്നു. ലോകപരിസ്ഥിതി ദിനമായ ജൂൺ 5 നോട് അനുബന്ധിച്ച് ഹരിതകേരളം പദ്ധതി പ്രകാരം വിവിധയിനം വൃക്ഷത്തൈകൾ ഉത്പാദിപ്പിച്ച് വിദ്യാർത്ഥികൾക്ക് സൗജന്യമായും, സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, റസിഡൻസ് അസ്സോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ , തുടങ്ങിയവയ്ക്ക് സൗജന്യമായോ , സഹായ നിരക്കിലോ തൈകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ പാതയോരങ്ങളിലും, വനത്തിന് പുറത്തുള്ള പൊതുസ്ഥലങ്ങളിലും സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ എന്നിവയുടെ അധീനതയിലുള്ള സ്ഥലങ്ങൾ, നദീതീരങ്ങൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ, ക്ലബ്ബുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ ഇതര സംഘടനകൾ , കുടുംബശ്രീ എന്നിവയുടെ സഹായസഹകരണത്തോടെ ബ്ലോക്കുകളായും അല്ലാതെയും വിവിധയിനം വൃക്ഷത്തൈകൾ, മുളത്തൈകൾ എന്നിവ വച്ചുപിടിപ്പിച്ച് പരിപാലിച്ചുപോരുന്നു. സ്വകാര്യ സ്ഥലങ്ങളിൽ വൃക്ഷവത്ക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും, കാവുകളുടെയും, കണ്ടലുകളുടെയും, സംരക്ഷണത്തിനുമുള്ള പദ്ധതികൾ നടത്തുന്നുണ്ട്. ഇതിനു പുറമെ വിദ്യാർത്ഥികൾക്കും, പൊതുജനങ്ങൾക്കുമായി പരിസ്ഥിതി അവബോധ ക്ലാസുകൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നുണ്ട്. കൂടാതെ, വനമിത്ര, പ്രകൃതിമിത്ര അവാർഡുകൾ, സ്കൂൾ കോളേജ് കേന്ദ്രീകരിച്ച് ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ച്, പരിസ്ഥിതി, വനശാസ്ത്രം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസുകൾ, പരിസ്ഥിതി ദിനാഘോഷം, വന്യജീവി വാരാഘോഷം എന്നിങ്ങനെ പ്രകൃതിയെയും പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ബഹുമുഖ പ്രവർത്തനങ്ങൾ സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. വനേതര സംരക്ഷണ പ്രവർത്തനങ്ങൾക്കായി പങ്കാളിത്ത ഹരിതസമിതി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി പരിസ്ഥിതി സംരക്ഷണ സന്ദേശങ്ങൾ ആകാശവാണിയിലൂടെ സംപ്രേക്ഷണം നടത്താറുണ്ട്. കൂടാതെ പൊതുജനങ്ങളെയും, വിദ്യാർത്ഥികളെയും വനവത്കരണം, പരിസ്ഥിതി സംരക്ഷണം, വന്യജീവി സംരക്ഷണം എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി ബോധവൽക്കരിക്കുന്നതിനായി അരണ്യം മാസിക പ്രസിദ്ധീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ